# Malayala Manorama

# August 12 2018

# Aluva: Water level increases in aluva Manappuram



ആലുവ മണപ്പുറത്ത് ഇന്നലെ ഒറ്റ ദിവസം കൊണ്ടു ജലനിരപ്പ് മൂന്നടിയോളം താഴ്ന്നപ്പോൾ.

## ആലുവ മണപ്പുറത്തു ജലനിരപ്പ് താഴ്ന്നു

ആലുവ • പെരിയാറിൽ ഒറ്റ ദിവസംകൊണ്ടു ജലനിരപ്പ് മൂന്നടിയോളം താഴ്ന്നു. മഴക്കാലം തുടങ്ങിയ ശേഷമുള്ള സ്ഥിതി കണക്കാക്കിയാൽ ഏഴടിയിലേറെ കുറഞ്ഞിട്ടുണ്ട്. ശിവക്ഷേത്രത്തിന്റെ മേൽക്കൂരയിൽ നിന്നു വെള്ളമിറങ്ങി. പാർക്കിങ് ഗ്രൗണ്ടും പരിസരവും തെളിഞ്ഞു.

അണക്കെട്ടുകൾ തുറന്നതിനെ തുടർന്നു പുഴയോരത്തെ വീടുകളും മറ്റും മുങ്ങുമെന്ന ആശങ്ക അസ്ഥാനത്തായ ആശ്വാസത്തിലാണ് നാട്ടുകാർ.

പുഴവെള്ളത്തിൽ ചെളി ഗണ്യമായി കുറഞ്ഞു.

എന്നാൽ, മണപ്പുറത്തും വെള്ളം കയറിയ താഴ്ന്ന പ്രദേശങ്ങളിലും കുഴമ്പു പരുവത്തിൽ ചെളി അടിഞ്ഞു കിടക്കുന്നു. ഇതു നീക്കി ശുചീകരണം നടത്തുക എളുപ്പമല്ല.

ഒരു മാസത്തിനുള്ളിൽ മൂന്ന തവണ ദേവസ്വം ബോർഡ് മണപ്പുറത്തെ ചെളിയും മാലിന്യങ്ങളും നീക്കിയിരുന്നു. ഡപ്യൂട്ടി സ്പീക്കർ വി. ശശി മണപ്പുറം സന്ദർശിച്ചു.